പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3657 23.06.2014 ൽ മറുപടിക്ക്

യാത്രാബോട്ടുകൾ പുന:സ്ഥാപിക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ തീരദേശ മേഖലകളിൽ കൊറ്റി- കോട്ടപ്പുറം ഉൾനാടൻ ജലഗതാഗത റൂട്ടിൽ ഓടിക്കൊണ്ടിരിക്കുന്ന യാത്രാ ബോട്ടുകൾ നിർത്തൽ ചെയ്ത കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ബോട്ടുകൾ പുനസ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | കൊറ്റി-കോട്ടപ്പുറം റൂട്ടിൽ 2006- ൽ മാവിലാ കടപ്പുറം-ഓരിക്കടവ് പാലം പണിക്കുവേണ്ടി പുഴയ്ക്ക് കുറുകെ ബണ്ട് നിർമ്മിച്ചതിനെ തുടർന്ന് മാവിലാടം ജെട്ടി മുതൽ കോട്ടപ്പുറം വരെയുള്ള സർവ്വീസ് ഒഴിവാക്കേണ്ടി വന്നു. പകരമായി പ്രദേശത്തെ ജനപ്രതിനിധികളുടെ അഭിപ്രായം അനുസരിച്ച് അയിറ്റി- മാവിലാടം ഷട്ടിൽ സർവ്വീസ് ആരംഭിക്കുകയും നിലവിൽ ഇത് നടത്തുന്നുമുണ്ട്. വർഷങ്ങൾ കഴിഞ്ഞ് പാലം പണി പൂർത്തീകരിച്ചപ്പോൾ അഴിമുഖ പ്രദേശമായ ടി ബോട്ട് റൂട്ടിൽ മണൽ കൂനകൾ രൂപപ്പെട്ടതിനാൽ സർവ്വീസ് പുനരാംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ